Draft #2 of File 61979/AC A7-2/2020/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 29-Jun-2021 04:06 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>**സംഗ്രഹം**</u>

മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിരുന്നതും എ .പി .ജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാലയിലേക്ക അഫിലിയേഷൻ മാറിയതുമായ എഞ്ചിനീയറിംഗ് കോളേജുകളുടെ ഫിനാൻഷ്യൽ ഗ്യാരണ്ടി തിരികെ നൽകുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 3030/AC A 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 02.07.2021

---

*പരാമർശം:*-1) 24.5.2021 ൽ കൂടിയ സിൻഡിക്കേറ്റ് യോഗം മിനിറ്റ്സ് ഇനം നം: 101/21.02/61979/AcA7-2/2020

<u>**ഉത്തരവ്**</u>

മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിരുന്നതും , പിന്നീട് എ.പി.ജെ അബ്ദുൽകലാം സാങ്കേതിക സർവകലാശാലയിലേക്ക അഫിലിയേഷൻ മാറിയതുമായ എൻജിനീറിംഗ് കോളേജുകളുടെ മഹാത്മാഗാന്ധി സർവകലാശാലയിലെ അവസാന ബാച്ച് വിദ്യാർഥികളും പഠനം പൂർത്തിയാക്കിയ സാഹചര്യത്തിൽ, ഫിനാൻഷ്യൽ ഗ്യാരണ്ടി റിലീസ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് വിവിധ എഞ്ചിനീയറിംഗ് കോളേജുകൾ അപേക്ഷ നല്കിയിരുന്നു . ഈ സാഹചര്യത്തിൽ എഞ്ചിനീയറിംഗ് കോളേജുകളുടെ ഫിനാൻഷ്യൽ ഗ്യാരണ്ടി സംബന്ധിച്ച് പൊതുവായ ഒരു തീരുമാനം ഉണ്ടാകേണ്ടതിനാൽ , ഫിനാൻഷ്യൽ ഗ്യാരണ്ടി അതാതു കോളേജുകൾക്ക് മടക്കി നൽകുന്നത് സംബന്ധിച്ച് നിയമോപദേശം തേടുകയും, ഈ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകൾ സാങ്കേതിക സർവകലാശാലയോട് അഫിലിയേറ്റ് ചെയ്ത കഴിഞ്ഞാൽ സർവകലാശാലയിൽ ഒടുക്കേണ്ടതായ എന്തെങ്കിലും ബാധ്യതയുണ്ടോയെന്ന തിട്ടപ്പെടുത്തി ബാധ്യത ഇല്ലായെന്ന കണ്ടാൽ സെക്യൂരിറ്റി തുക കോളേജിന് മടക്കി കൊടുക്കേണ്ടതാണെന്നും, അക്കൗണ്ട് സാങ്കേതിക സർവകലാശാലയിലേക്ക മാറ്റുന്നതിന് ബന്ധപ്പെട്ട കോളേജിന്റെ അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന നിയമ തടസ്സമില്ലയെന്നും, അഫിലിയേഷൻ അവസാനിക്കുന്നതിനൊപ്പം സർവകലാശാല F.O യുടെ പേരിൽ സർവ്വകലാശാലയിൽ സമർപ്പിക്കപ്പെട്ട ഫിനാൻഷ്യൽ ഗ്യാരണ്ടി യുടെ ലീനം അവസാനിക്കുന്നുവെന്നും ലീഗൽ അഡ്വൈസർ അഭിപ്രായപ്പെടുകയും ചെയ്തു.

ഫിനാൻഷ്യൽ ഗ്യാരണ്ടി റിലീസ് ചെയ്യണമെന്നുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ അപേക്ഷയും ആയതിന്മേലുള്ള നിയമോപദേശവും 24.5.2021 ൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും പരാമർശം (1) പ്രകാരം ചുവടെ ചേർത്തിരിക്കുന്ന തീരുമാനം എടുക്കുകയും ചെയ്തിരിക്കുന്നു.

"മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിരുന്നതും എ.പി.ജെ അബ്ദുൽകലാം സാങ്കേതിക സർവകലാശാലയിലേക്ക അഫിലിയേഷൻ മാറിയതുമായ

എൻജിനീറിംഗ് കോളേജുകൾ സർവകലാശാലയിൽ അടക്കേണ്ടതായ എന്തെങ്കിലും ബാധ്യതയുണ്ടോയെന്നു തിട്ടപ്പെടുത്തി ബാധ്യത ഇല്ലായെന്നു കണ്ടാൽ ടി കോളേജുകളുടെ അപേക്ഷാനുസരണം സെക്യൂരിറ്റി തുക കോളേജിന് മടക്കി നൽകുന്നതിന് തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

പകർപ്പ്

1)പ്രിൻസിപ്പൽ/മാനേജർ , എഞ്ചിനീയറിംഗ് കോളേജുകൾ

2)വി. സി. /പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3) രജിസ്ട്രാർ/എഫ്.ഓ. /സി.ഇ. എന്നിവരുടെ പി.എ. മാർ

4) ജെ.ആർ 2 (ഭരണവിഭാഗം) /ഡി.ആർ 1 / എ.ആർ 1(അക്കാദമിക് )

5) എസി.സി. (സിൻഡിക്കേറ്റ് സെക്ഷൻ) /എ.സി.ബി 6 /ഓഡിറ്റ് സെക്ഷൻ / എ.ഡി. ബി 6

6) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ ഐ.ക്യൂ.എ.സി.

7) സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

Draft #2 of File 61979/AC A7-2/2020/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 29-Jun-2021 04:06 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം